പിരീഡ് എങ്കിലും വിദ്യാലയങ്ങളിൽ കാർഷിക പാഠം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിശദമായ ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും നടത്തിക്കഴിഞ്ഞു. ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(11) ആഞ്ഞൂർ നഗരസഭയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. ജെയിംസ് മാത്യു: സർ, തളിപ്പറമ്പ് ഒരു ചെറിയ മുനിസിപ്പാലിറ്റി ആയിരുന്നു. ആ മുനിസിപ്പാലിറ്റിയെ രണ്ടായി വിഭജിച്ചു. രണ്ടാമത് രൂപീകരിക്കപ്പെട്ട - ആഞ്ഞൂർ മുനിസിപ്പാലിറ്റിയിൽ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെ പ്രവർത്തിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. പുതിയ മുനിസിപ്പാലിറ്റിയുടെ പരിധിക്കുള്ളിലുണ്ടാകുന്ന ജനനം, മരണം, വിവാഹം ഇവയൊക്കെ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ഡിസംബർ - 31 വരെ സൗകര്യമേർപ്പെടുത്തുമെന്ന് ഗവൺമെന്റ് അറിയിച്ചിരുന്നു. എന്നാൽ ഡിസംബർ 31-നുശേഷം ആഞ്ഞൂർ മുനിസിപ്പാലിറ്റിയിൽ ഇങ്ങനെയുള്ള രജിസ്ട്രേഷനുകൾ നടക്കണമെങ്കിൽ അടിസ്ഥാന സൗകര്യമുണ്ടാവണം. അടിസ്ഥാന സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെയില്ല. കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ല, സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല ഇങ്ങനെയുള്ള യാതൊരു സംവിധാനവും ആ മുനിസിപ്പാലിറ്റിയിൽ ഇല്ല. ഗവൺമെന്റ് കുറച്ച് പണം അനുവദിക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെ അനുവദിച്ച് ഉത്തരവിറക്കിയ പണം അവർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. കാരണം അവരുടെപേരിൽ ട്രഷറിയിൽ ഒരു അക്കൗണ്ട് തുടങ്ങാൻ സാധിക്കുന്നില്ല. അക്കൗണ്ട് ആരംഭിച്ചാൽ മാത്രം പോരാ ഡി.ഡി.ഒ. ഡെസിഗ്നേറ്റ് ചെയ്യപ്പെടണം. അവിടത്തെ മുനിസ്സിപ്പൽ സെക്രട്ടറിയെ ഡി.ഡി.ഒ. ആയിട്ട് ഡെസിഗ്നേറ്റ് ചെയ്യണം. ഡി.ഡി.ഒ.യെ ഡെസിഗ്നേറ്റ് ചെയ്യേണ്ടത് എ.ജി.യാണ്. എ.ജി.യെ ഡെസിഗ്നേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെടേണ്ടത് ധനകാര്യവകുപ്പാണ്. ധനകാര്യ വകുപ്പിന് അങ്ങനെയൊരു നിർദ്ദേശം കൊടുക്കേണ്ടത് എൽ.എസ്.ജി.ഡി.യാണ്. എൽ.എസ്.ജി.ഡി.യിൽ നിന്നും അങ്ങനെയൊരു നിർദ്ദേശം പോയിട്ടില്ല. അതിന്റെ ഫലമായി ഡെസിഗ്നേറ്റ് ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് അവർക്ക് ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എല്ലാ പുതിയ മുനിസിപ്പാലിറ്റികൾക്കും പണം കൊടുത്തിട്ടുണ്ടെന്ന് പറയും. പണം കൊടുത്തതുകൊണ്ട് എന്ത് പ്രയോജനം? അവർക്ക് അത് വിത്ഡ്രോ ചെയ്യാൻ സാധിക്കണ്ടേ? അപ്പോൾ അതിനുള്ള അടിയന്തര നടപടി അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. കൂടാതെ ഒരു കാര്യം കൂടിയുണ്ട്. ഒരൊറ്റ ഉദ്യോഗസ്ഥൻ അവിടെയില്ല. അവിടെ മൂന്ന് ഉദ്യോഗസ്ഥരുള്ളത് ഡെപ്യൂട്ടേഷൻ വഴി അപ്പുറത്തുനിന്നും അഡീഷണൽ ചാർജെടുത്ത് വന്നുനിൽക്കുകയാണ്. എന്തിനാണ് ഇങ്ങനെയൊരു മുനിസിപ്പാലിറ്റി വിഭജിച്ചതെന്നാണ് ജനങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ആ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നതാണ് എന്റെ സബ്മിഷൻ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 30.4.2015-ലെ സർക്കാർ ഉത്തരവു പ്രകാരം തളിപ്പറമ്പ് നഗരസഭയിലെ 16 മുതൽ 35 വരെയുള്ള വാർഡുകൾ ചേർത്താണ് ആന്തൂർ നഗരസഭ രൂപീകരിച്ചത്. ഇവിടെ 20 വാർഡുകളാണുള്ളത്. ആന്തൂർ നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി തളിപ്പറമ്പ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അഞ്ചു ലക്ഷം രൂപ സർക്കാർ അനുമതിക്ക് വിധേയമായി നഗരകാര്യ ഡയറക്ടറുടെ 31.10.2015-ലെ ഓർഡർ പ്രകാരം അനുവദിച്ചിട്ടുണ്ട്. 2010-ൽ രൂപീകൃതമായ മുൻസിപ്പാലിറ്റികളായ കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ നഗരസഭകൾക്ക് സർക്കാർ ഉത്തരവു പ്രകാരം 1.5 കോടി രൂപ വീതം ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പുതിയതായി രൂപീകരിച്ച 28 നഗരസഭകൾക്കും ഇപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അധിക തുക അനുവദിച്ചു നൽകുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ ഒരു പുതിയ വാഹനം കൂടി വാങ്ങാവുന്നതാണ്. തളിപ്പറമ്പ് നഗരസഭയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും ഒരു സൂപ്രണ്ട്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവരെ ആന്തൂർ നഗരസഭയിലേയ്ക്ക് വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമിയ്ക്കുന്നതിന് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ 3-11-2015-ൽ തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന് കൊടുത്തിട്ടുണ്ട്. ഇന്ന് അല്ലെങ്കിൽ അടുത്ത ആഴ്ചയുള്ള ക്യാബിനറ്റിൽ അതിന് തീരുമാനമാകുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ പ്രധാനമായിട്ടുള്ള ഒരുപാട് പ്രശ്നങ്ങൾ ഒരുവിധം പരിഹരിച്ചിട്ടുണ്ട്. ഒരു നഗരസഭ പുതുതായി ആരംഭിക്കുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. പുതിയ നഗരസഭയ്ക്ക് കൊടുത്ത പ്ലാൻ ഫണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള എമൗണ്ട് അങ്ങോട്ട് മാറ്റാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ വർഷത്തെ ഇതുവരെയുള്ള പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള അവരുടെ ഫണ്ടുകൾ അങ്ങോട്ട് മാറ്റി കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) വിദ്യാഭ്യാസ സംവരണം

ശ്രീ. ലൂഡി ലൂയിസ്: സർ, കേരളത്തിലെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആംഗ്ലോ- ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർവ്വകലാശാലകൾക്കുകീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കൊപ്പം വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലത്തീൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിൽ ഈ സർക്കാർ വിദ്യാഭ്യാസ സംവരണം അനുവദിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയോടും എനിക്ക് നന്ദിയുണ്ട്. പക്ഷേ, ഇന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിലും ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലത്തീൻ സമുദായങ്ങൾക്കൊപ്പമാണ് തൊഴിലവസരങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായം ലത്തീൻ സമുദായത്തിന്റെ ഭാഗമാണ്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലുള്ള നിരവധി നിർദ്ധന വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ലത്തീൻ കത്തോലിക്ക് അദർദാൻ ആംഗ്ലോ-ഇന്ത്യൻ എന്നുള്ള വിവേചനപരമായ നിബന്ധന ഇപ്പോഴും നിലനിൽക്കുന്നു. ഈ വിവേചനം ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സ്ഥാപനവും സ്വന്തമായി ഇല്ലാത്ത ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ സമുദായത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സംവരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly